13682
22/12/14

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ശ്രീ.എസ്.ജി.സുഗതകുമാർ, എൽ.ഡി.ക്ലാർക്ക്, സാമൂഹ്യനീതി ഡയറക്ടറേറ്റ് - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (ആർ.റ്റി) നം. 740/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 12.12.2014.

==========================================================================

പരാമർശം:- 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 14.07.2014-ലെ ഇ10/25567/14 നമ്പർ നടപടി ക്രമം.
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 24.07.2014, 17.10.2014 തീയതികളിലെ ഇ10/25567/14 നമ്പർ കത്തുകൾ.
3. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 17.10.2014-ലെ ഇ10/25567/14 നമ്പർ നടപടി ക്രമം.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിൻ കീഴിൽ കഴക്കൂട്ടം ഐ.സി.ഡി.എസ്-ൽ എൽ.ഡി.ക്ലാർക്കായി ആശ്രിത നിയമന പദ്ധതി മുഖേന 23.06.1997-ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.എസ്.ജി.സുഗതകുമാർ യോഗ്യതാ പരീക്ഷ പാസ്സാകാത്തതിനാൽ ടി തസ്തികയിലെ നിരീക്ഷണകാലം 23.06.1999 മുതൽ 22.06.2000 വരെ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും 30.04.1964-ൽ ജനിച്ച ടിയാന് 50 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ 30.04.2014 തീയതി പ്രാബല്യത്തിൽ കെ.എസ്&എസ്.എസ്.ആർ പാർട്ട് II ചട്ടം 13 (ബി) പ്രകാരം ടിയാനെ വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പരാമർശം (3) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായിയെന്നും ശ്രീ.എസ്.ജി.സുഗതകുമാർ 50 വയസ്സ് പൂർത്തീകരിച്ച സാഹചര്യത്തിലും ടിയാൻ ടി തസ്തികയിൽ ഇപ്പോഴും തുടർന്നു വരുന്നതിനാലും ടിയാന്റെ നിരീക്ഷണ കാലയളവ് 23.06.2000 മുതൽ 29.04.2014 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സാമൂഹ്യനീതി വകുപ്പിൻ കീഴിൽ കഴക്കൂട്ടം ഐ.സി.ഡി.എസ്-ൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ

23.06.1997 മുതൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.എസ്.ജി.സുഗതകുമാറിന്റെ പ്രൊബേഷൻ 30.04.2014-ന് പൂർവ്വാഹ്നം വച്ച് വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ നിരീക്ഷണ കാലയളവ് 23.06.2000 മുതൽ 01.05.2014 വരെ കെ.എസ്&എസ്.എസ്.ആർ പാർട്ട് II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**കെ.എം.ലീലാമണി**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം. (സേവന പുസ്തകം സഹിതം).
ശ്രീ.എസ്.ജി.സുഗതകുമാർ (സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ